# ലോഗ് ബുക്ക്

ജൂൺ -ആഗസ്ത്

**2024-25**

**ജി യു പി എസ്  കുട്ടക്കനി**

| ക്രമ നമ്പർ | പ്രവർത്തനം | തീയ്യതി | പേജ് നമ്പർ |
|---|---|---|---|
| 1 | പ്രവേശനോത്സവം | 03-06-2024 | 3 |
| 2 | പരിസ്ഥിതി ദിനാചരണം | 05-06-2024 | 4 |
| 3 | ലിറ്റിൽ മാസ്റ്റർ മെഗാ ക്വിസ് | 12-06-2024 | 5 |
| 4 | വായനയുടെ വസന്തകാലം | 19-06-2024 | 6 |
| 5 | ലഹരിക്കെതിരെ ഒപ്പുമരം | 28-06-2024 | 8 |
| 6 | ബഷീർ ദിനം | 05-07-2024 | 9 |
| 7 | നാട്ടിലെ ജനം - മാതൃകാ സർവ്വേ | 11-07-2024 | 10 |
| 8 | വിവിധ ക്ലബ്ബുകളുടെ രൂപീകരണം | 11-07-2024 | 11 |
| 9 | ചാന്ദ്രദിന പ്രവർത്തനങ്ങൾ | 21-07-2024 | 12 |
| 10 | ഭക്ഷ്യമേള | 22-07-2024 | 13 |
| 11 | ബാലസഭ | 23-07-2024 | 14 |
| 12 | വിജയസ്പർശം-പഠന പരിപോഷണ പരിപാടി | 30-07-2024 | 15 |
| 13 | അവധിയിലും കുട്ടികൾക്കൊപ്പം ചേർന്ന് അധ്യാപകർ | 01-08-2024 | 16 |
| 14 | മുണ്ടക്കൈ ഒരു ഓർമ്മ | 05-08-2024 | 17 |
| 15 | ഹിരോഷിമ ദിനം | 06-08-2024 | 18 |
| 16 | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് | 07-08-2024 | 19 |
| 17 | സ്വാതന്ത്ര്യത്തിന്റെനാൾവഴികൾ | 15-08-2024 | 20 |
| 18 | കുട്ടി കർഷകൻ | 17-08-2024 | 22 |
| 19 | ഒളിമ്പിക്സ് മെഗാ ക്വിസ്സ് | 23-08-2024 | 23 |
| 20 | എന്റെ തത്തമ്മ പദ്ധതി | 25-08-2024 | 24 |
| 21 | ഞങ്ങടെ പച്ചക്കറിത്തോട്ടം | 26-08-2024 | 25 |
| 22 | വയനാടിനൊപ്പം | 27-08-2024 | 26 |
| 23 | സ്കൂൾ പ്രവൃത്തി പരിചയ മേള | 31-08-2024 | 27 |

## പ്രവേശനോത്സവം




ഗവ: യു പി സ്കൂൾ കൂട്ടക്കനി 2024 - 25 അധ്യയന വർഷത്തെ പ്രവേശനോത്സവം 03 / 06 / 2024 ന് പള്ളിക്കര ഗ്രാമപഞ്ചായത്ത് അംഗം ശ്രീ വി സൂരജിൻറെ അധ്യക്ഷതയിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ കെ മണികണ്ഠൻ ഉദ്ഘാടനം ചെയ്തു. ചെണ്ടമേളത്തോടെയും വർണ തൊപ്പികൾ നൽകിയും ഒന്നാം ക്ലാസ്സിലെയും എൽ കെ ജി യിലെയും കുരുന്നുകളെ രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ സ്കൂളിലേക്ക് സ്വീകരിച്ചു. ചടങ്ങിൽ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥി ശ്രീനാഥ് കെ യുടെ സ്മരണയ്ക്ക് കുടുംബാംഗങ്ങൾ എൽ കെ ജി ക്ലാസ്സിലേക്ക് സംഭാവന ചെയ്ത ഫർണിച്ചർ സ്കൂൾ പി ടി എ പ്രസിഡൻറ് ശ്രീ പ്രഭാകരൻ പള്ളിപ്പുഴ ഏറ്റുവാങ്ങി. എസ് എം സി ചെയർമാൻ ശ്രീ പ്രദീപ് കാട്ടാമ്പള്ളി, മദർ പപ്രസിഡൻറ് ശ്രീമതി ബീന, സീനിയർ അസിസ്റ്റൻറ് ശ്രീ രാജേഷ് കൂട്ടക്കനി എന്നിവർ ചടങ്ങിന് ആശംസ അർപ്പിച്ചു സംസാരിച്ചു. സ്കൂൾ HM ഇൻചാർജ് ശ്രീമതി ശൈലജ ടീച്ചർ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി ശ്രീ ധനുഷ് എം എസ് നന്ദിയും പറഞ്ഞു.





1996-97 പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയും തൊട്ടി കിഴക്കേക്കര സൗഹൃദക്കൂട്ടവും ചേർന്ന് കുട്ടികൾക്കുള്ള ഉപഹാരങ്ങൾ സ്പോൺസർ ചെയ്തു. പ്രവേശനോത്സവ ദിനത്തിൽ 1984-85 പൂർവ്വ വിദ്യാർത്ഥികൾ കുട്ടികൾക്കായി പായസം വിതരണം ചെയ്തു.

05/06/2024

പരിസ്ഥിതി ദിനാചരണം



സ്കൂൾ ഇക്കോ ക്ലബ്ബിൻറെ നേതൃത്വത്തിൽ ജൂൺ 5 പരിസ്ഥിതി ദിനത്തിൽ ക്ലാസ്സ് തലത്തിൽ പോസ്റ്റർ രചന, പരിസ്ഥിതി സംരക്ഷണത്തിൻറെ പ്രാധാന്യത്തെ കുറിച്ചുള്ള ലഘു പ്രസംഗം സ്കൂൾ തലത്തിൽ തിരികെ വിദ്യാവനത്തിലേക്ക്, വീട്ടിൽ ഒരു കൃഷിത്തോട്ടം, പ്രകൃതി യാത്ര, പരിസ്ഥിതി രചന ശില്പശാല എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. സ്കൂൾ അസംബ്ലിയിൽ വച്ച് എച്ച് എം ഇൻ ചാർജ്ജ് ശ്രീമതി ശൈലജ ടീച്ചർ കുട്ടികൾക്ക് പരിസ്ഥിതി ദിന സന്ദേശം നൽകി.




വിദ്യാവനത്തിൽ വൃക്ഷത്തൈ നട്ട് തിരികെ വിദ്യാവനത്തിലേക്ക് എന്ന പരിപാടി പി ടി എ പ്രസിഡൻറ് ശ്രീ പ്രഭാകരൻ പള്ളിപ്പുഴ ഉദ്ഘാടനം ചെയ്തു. എസ് എം സി ചെയർമാൻ ശ്രീ പ്രദീപ് കാട്ടാമ്പള്ളി കുട്ടികൾക്ക് പച്ചക്കറി വിത്ത് പാക്കറ്റുകൾ നൽകി വീട്ടിൽ ഒരു കൃഷിത്തോട്ടം നിർമ്മിക്കാൻ നിർദ്ദേശം നൽകി. പരിസ്ഥിതി ദിനത്തിൻറെ ഭാഗമായി കുട്ടികൾ പള്ളിപ്പുഴ കിഴക്കേക്കര പ്രദേശത്തെ വയലും തോടും സന്ദർശിക്കുകയും തോട്ടിൽ അടിഞ്ഞു കിടന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ വൃത്തിയാക്കുകയും ചെയ്തു.

പരിസ്ഥിതി ക്ലബ്ബ് കൺവീനർ രാജേഷ് മാഷ് പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അധ്യാപകരായ വിഷ്ണു മോഹൻ, ധനുഷ്, പ്രജിത്ത്, അനില എന്നിവർ പ്രകൃതി യാത്രക്ക് നേതൃത്വം നൽകി

## ലിറ്റിൽ മാസ്റ്റർ മെഗാ ക്വിസ്




കുട്ടികളുടെ പൊതുവിജ്ഞാനം വർധിപ്പിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് 2025 മാർച്ച് മാസത്തിൽ നടത്താൻ ആസൂത്രണം ചെയ്ത ലിറ്റിൽ മാസ്റ്റർ മെഗാ ക്വിസ് മത്സര പരിപാടിയുടെ ഉദ്ഘാടനവും ഒന്നാം ഘട്ട ക്വിസ് മത്സരവും 12 / 06 / 2024 ന് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. എച്ച് എം ഇൻ ചാർജ് ശ്രീമതി ശൈലജ ടീച്ചറുടെ അധ്യക്ഷതയിൽ ശ്രീ ഷൈജിത്ത് കരുവാക്കോട് പരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്ന് കുട്ടികൾക്കായി മോട്ടിവേഷണൽ ക്ലാസും സംഘടിപ്പിച്ചു. ലിറ്റിൽ മാസ്റ്റർ മെഗാ ക്വിസ് ഒന്നാം ഘട്ട മത്സരത്തിൽ യു പി തലത്തിൽ 7 ബി ക്ലാസ്സിലെ നിരഞ്ജനയും എൽ പി തലത്തിൽ 4 എ യിലെ കൃഷ്ണനന്ദയും വിജയികളായി.

## വായനയുടെ വസന്തകാലം




കൂട്ടക്കനിയിൽ വായനയുടെ വസന്തകാലത്തിന് തുടക്കമായി. വായനാദിനത്തിൽ വൈവിധ്യമാർന്ന വായനാ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച് കൂട്ടക്കനിയിലെ കുട്ടികൾ.എം.കെ ഗോപകുമാർ വയനാമാസാചരണം ഉദ്ഘാടനം ചെയ്തു. വായനമത്സരത്തിനുള്ള ആദ്യ സമ്മാന പുസ്തകം ഉദ്ഘാടകൻ തന്നെ സ്കൂൾ പ്രഥമാധ്യാപകൻ അനൂപ് കുമാർ കല്ലത്തിന് കൈമാറിയത് കൗതുകക്കാഴ്ചയായി. പി.ടി.എ പ്രസിഡണ്ട് പ്രഭാകരൻ പള്ളിപ്പുഴ അധ്യക്ഷത വഹിച്ചു. രാജേഷ് കൂട്ടക്കനി, കൃഷ്ണപ്രിയ, ധനുഷ് എം.എസ് എന്നിവർ സംസാരിച്ചു.



Mathrubhumi മാതൃഭൂമി

**വായിച്ചും പറഞ്ഞും പുസ്തകക്കൂട്ടിൽ; കൂട്ടക്കനിയിലെ കുട്ടികൾക്ക് നവ്യാനുഭവം**



കൂട്ടക്കനി ഗവ. യു.പി. സ്കൂളിലെ കുട്ടികൾ കാഞ്ഞങ്ങാട്ടെ മാതൃഭൂമി ബുക്സിലെത്തിയപ്പോൾ

**കാഞ്ഞങ്ങാട്**▸ താളുകൾ മറിച്ചും വായിച്ചും അവർ പുസ്തകങ്ങളുടെ കൂട്ടുകാരായി. കഥകൾ കേട്ടും പറഞ്ഞും ഒരുമണിക്കൂറിലധികം ചെലവിട്ട് മടങ്ങുമ്പോൾ, അവർ ഒരുമിച്ചു പറഞ്ഞു, 'ഇനി എല്ലാ ദിവസവും വായിക്കും'. കൂട്ടക്കനി ഗവ. യു.പി. സ്കൂളിലെ കുട്ടികൾ വായന തേടിയെത്തിയത് കാഞ്ഞങ്ങാട്ടെ 'മാതൃഭൂമി' ബുക്സിൽ.

വീട്ടിലും ലൈബ്രറി ഒരുക്കുമെന്ന് വായന ദിനത്തിൽ ഓരോ കുട്ടിയും പ്രതിജ്ഞയെടുത്തിരുന്നു. പുസ്തകങ്ങളെ അടുത്തറിയാനും വാങ്ങാനുമാണ് കുട്ടികൾ പുസ്തകശാലയിലെത്തിയത്. സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യ വേദിയാണ് ഇതിനുള്ള വഴിയൊരുക്കിയത്. പ്രഥമാധ്യാപകൻ അനൂപ് കല്ലത്ത്, അധ്യാപകരായ രാജേഷ് കൂട്ടക്കനി, വി. കൃഷ്ണപ്രിയ, വി.എ. അനില, ബി.സി. ബിന്ദു എന്നിവരാണ് കുട്ടികളെയും കൂട്ടി കാഞ്ഞങ്ങാട് ഗോകുലം ടവറിലെ 'മാതൃഭൂമി' പുസ്തകശാലയിലെത്തിയത്.

"എനിക്കും ഒരു ലൈബ്രറി"കുട്ടികൾ സ്വീറ്റ്സ് വാങ്ങുന്ന പൈസയിൽ നിന്നും ഒരു തുക ശേഖരിച്ച് സ്വന്തമായി പുസ്തകങ്ങൾ വാങ്ങി വീട്ടിൽ ലൈബ്രറി ഒരുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നമ്മുടെ വിദ്യാലയം കഴിഞ്ഞ വർഷം ഇറക്കിയ നിയമോളുടെ "പറന്നിടും ഞാൻ ഒരു നാൾ"എന്ന പുസ്തകം കുട്ടികൾക്ക് നൽകി കൊണ്ടാണ് തുടക്കം കുറിച്ചത്.

സ്വന്തം പുസ്തകം വിദ്യാലയ ലൈബ്രറിക്ക് നൽകി കുഞ്ഞെഴുത്തുകാരി നിയമോൾ പഠിച്ച വിദ്യാലയത്തിൽ തന്നെ വായനാ മാസാചരണത്തിൽ അതിഥിയായി നിയമോൾ. കൂട്ടക്കനി ഗവ.യു പി സ്ക്കൂളിൽ ഒന്നു മുതൽ ഏഴുവരെ ക്ലാസിൽ പഠിച്ച നിയമോൾ

അതിഥിയായി വന്നത് സ്കൂളിൽ വെച്ച് എഴുതി പ്രസിദ്ധീകരിച്ച പറന്നിടും ഞാനൊരു നാൾ എന്ന എന്ന പുസ്തകവുമായാണ്. നിയമോൾ സ്വന്തം പുസ്തകം ലൈബ്രറിയിലേക്ക് സമ്മാനമായി നൽകി. ഒപ്പം ന്റെ വീട്ടിലും ഒരു ലൈബ്രറി പദ്ധതിയുടെ ഭാഗമായി കുട്ടികൾ നിയയുടെ പുസ്തകം സ്വന്തമാക്കുകയും ചെയ്തു. പുസ്തകത്തിലെ കവിതകൾ ചൊല്ലി കവിതക്ക് പിന്നിലെ കഥകളും പറഞ്ഞ് നിയ കൂട്ടുകാരോടൊപ്പം ചേർന്നു. സ്കൂൾ പ്രധാനാധ്യാപകൻ അനൂപ് കല്ലത്ത് അധ്യക്ഷത വഹിച്ചു. രാജേഷ് കൂട്ടക്കനി, കൃഷ്ണപ്രിയ വി.വി, ധനുഷ് എം.എസ് എന്നിവർ സംസാരിച്ചു.



വിദ്യാരംഗം കലാസാഹിത്യ വേദിയുടെ നേതൃത്വത്തിൽ അധ്യാപകരുടെ വായനാനുഭവം കുട്ടികളുമായി പങ്കുവെച്ചു. ടീച്ചറുടെ ഇഷ്ടപുസ്തകം എന്ന പേരിൽ നടന്ന ഈ പരിപാടിയിൽ എൽ പി വിഭാഗത്തിലെ അധ്യാപകർ യു പി ക്ലാസുകളിലും യുപി വിഭാഗത്തിലെ അധ്യാപകർ എൽ പി ക്ലാസിലുമാണ് തങ്ങളുടെ വായനാനുഭവം പങ്കുവെച്ചത്. മലയാള സാഹിത്യത്തിലെ പ്രശസ്തരായ സാഹിത്യകാരന്മാരുടെ കൃതികൾ കുട്ടികളിലേക്ക് എത്തിക്കുന്നതിനും വായനയുടെ വിസ്മയ ലോകത്തിലേക്ക് കുട്ടികളെ കൊണ്ടുപോകാനും ഈ പരിപാടിക്ക് സാധിച്ചു. വിദ്യാരംഗം പ്രവർത്തനത്തിൻറെ ഭാഗമായി എൽ പി വിഭാഗത്തിൽ രക്ഷിതാക്കളുടെ രചനകളുടെ സമാചാരം എന്ന പോഡോക്കായി കുടുംബമാസിക തയ്യാറാക്കി.



28/06/2024

## ലഹരിക്കെതിരെ ഒപ്പുമരം




ലോക ലഹരി വിരുദ്ധ ദിനത്തിൽ ലഹരിക്കെതിരെ ദൃഢപ്രതിജ്ഞ എടുത്തും ഒപ്പു മരത്തിൽ ഒപ്പു ചാർത്തിയും കൂട്ടക്കനിയിലെ കുട്ടിക്കൂട്ടം.

ലോക ലഹരി വിരുദ്ധ ദിനത്തിൽ ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ തങ്ങളുടെ കയ്യൊപ്പ് ചാർത്തുകയാണ് കൂട്ടക്കനി ഗവൺമെൻറ് യു പി സ്കൂളിലെ കുട്ടികൾ. പൂർണമായും കുട്ടികളുടെ നേതൃത്വത്തിലായിരുന്നു പരിപാടി സംഘടിപ്പിച്ചത്. സ്കൂൾ അസംബ്ലിയിൽ അദ്ധ്യാപിക സൗമ്യ. കെ കുട്ടികൾക്ക് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു . സ്കൂൾ സാമൂഹ്യശാസ്ത്ര ക്ലബ് കൺവീനർ വിജിന. പി ലഹരിവിരുദ്ധ ദിനാചരണ പ്രവർത്തനങ്ങൾ വിശദീകരിച്ചു.സ്കൂൾ മുറ്റത്ത് പ്രത്യേകം തയ്യാറാക്കിയ ഒപ്പുമരത്തിൽ കുട്ടികൾ ലഹരി വിപത്തിനെതിരെ തങ്ങളുടെ ഒപ്പുകൾ രേഖപ്പെടുത്തി. അദ്ധ്യാപകരായ രേഷ്മ ബാലകൃഷ്ണൻ,സുരേഷ് ബാബു, വിഷ്ണു മോഹൻ, അനില.വി. എ , രാജേഷ് കൂട്ടക്കനി എന്നിവർ നേതൃത്വം നൽകി. തുടർ ദിവസങ്ങളിൽ ലഹരിക്കെതിരെ കൊളാഷ് നിർമ്മാണം, ലഘുലേഖ തയ്യാറാക്കൽ, സിനിമ പ്രദർശനം , സിനിമ നിർമ്മാണം എന്നിവ നടക്കും.



## ബഷീർ ദിനം




ഈ വർഷത്തെ ബഷീർ ദിന പരിപാടി എച്ച് എം ശ്രീ അനൂപ് മാഷുടെ അധ്യക്ഷതയിൽ കാസറഗോഡ് ഡയറ്റ് ലക്ച്ചറർ ഡോ . വിനോദ് കുമാർ പെരുമ്പള ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ ബേപ്പൂർ സുൽത്താൻറെ രചനാ ശൈലിയെക്കുറിച്ചും ബഷീർ കഥാപാത്രങ്ങളെ കുറിച്ചും അദ്ദേഹം സംസാരിച്ചു.

സുൽത്താന്റെ കൃതികൾക്ക് ശ്രാവ്യാവിഷ്കാരമൊരുക്കി കൂട്ടക്കനി ജി യു പി സ്കൂൾ. ക്ലാസ്തല അക്കാദമിക മാസ്റ്റർ പ്ലാനിലെ റീഡേഴ്സ് തിയേറ്റർ പരിപാടിയുടെ നിർവഹണ ഉദ്ഘാടനത്തിന്റെ ഭാഗമായാണ് ബഷീർ ചരമദിനത്തിൽ അധ്യാപകരും കുട്ടികളും രക്ഷിതാക്കളും ചേർന്ന് വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികൾക്ക് ശ്രാവ്യാവിഷ്കാരം ഒരുക്കിയത്. ശ്രാവ്യാവിഷ്ക്കാരത്തിന്റെ അവതരണ ഉദ്ഘാടനം യുവ സാഹിത്യകാരൻ ഡോ.വിനോദ് പെരുമ്പള ഉദ്ഘാടനം ചെയ്തു. പാത്തുമ്മയുടെ ആട് ,വിശ്വവിഖ്യാതമായ മൂക്ക്, ഒരു മനുഷ്യൻ, ഭൂമിയുടെ അവകാശികൾ, സ്വർണമാല തുടങ്ങിയ കൃതികളുടെ ശ്രാവ്യാ വിഷ്ക്കാരം രക്ഷിതാക്കളും കുട്ടികളും അധ്യാപകരും ചേർന്ന് അവതരിപ്പിച്ചു.സ്കൂൾ പ്രഥമാധ്യാപകൻ അനൂപ് കല്ലത്ത്, രാജേഷ് കൂട്ടക്കനി, വിദ്യാർത്ഥികളായ കൃഷ്ണനന്ദ പി, പാർവണ. കെ, അൻവിയ രക്ഷിതാക്കളായ ശ്രീന.കെ, മിനി അജിത്ത്, ശരണ്യ .ടി, സൗമ്യ കെ, വിഷ്ണു മോഹൻ, പ്രീത.പി എന്നിവർ നേതൃത്വം നൽകി.



നാട്ടിലെ ജനം - മാതൃകാ സർവ്വേ




ജൂലായ് 11 ലോക ജനസംഖ്യാ ദിനത്തിൽ സ്കൂൾ സമൂഹ്യശാസ്ത്ര ക്ലബ്ബിൻറെ നേതൃത്വത്തിൽ 'നാട്ടിലെ ജനം മാതൃകാസർവ്വേ' എന്ന പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പാക്കി. 6, 7 ക്ലാസ്സിലെ കുട്ടികളായിരുന്നു പ്രവർത്തനത്തിൽ പങ്കാളികളായത്. പ്രവർത്തനത്തിന് സമൂഹ്യശാസ്ത്ര ക്ലബ്ബ് കൺവീനർ വിജിന ടീച്ചറും രേഷ്മ ടീച്ചറും നേതൃത്വം നൽകി. സർവ്വേ രീതിയിൽ വിവര ശേഖരണം നടത്തുന്നതിനായി സമൂഹ്യശാസ്ത്ര ക്ലബ്ബ് അംഗങ്ങൾ ചേർന്ന് കൃത്യമായ ചോദ്യങ്ങൾ ഉൾപ്പെടുത്തി സർവ്വേ ഫോം തയ്യാറാക്കി. ഈ ഫോർമാറ്റിൻറെ സഹായത്തോടെ കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ പ്രദേശത്തെ ഓരോ വീട്ടിലെയും നിലവിലെ ജനസംഖ്യയും മുൻവർഷങ്ങളിലെ ജനസംഖ്യയും കണക്കാക്കി. ഈ വിവരങ്ങൾ വിശകലനം ചെയ്ത് ഓരോ പ്രദേശത്തും ജനസംഖ്യയിൽ വന്ന മാറ്റം കുട്ടികൾ തന്നെ കണക്കാക്കി അവതരിപ്പിച്ചു. ഓരോ കുടുംബത്തിലെയും ജനസംഖ്യാ വർദ്ധനവിനനുസരിച്ച് ജീവിതച്ചെലവ് എങ്ങനെ ക്രമീകരിക്കുന്നു എന്നതുകൂടി പഠന വിഷയമാക്കേണ്ടതുണ്ടെന്ന് രാജേഷ് മാഷ് അഭിപ്രായപ്പെട്ടു.

വിവിധ ക്ലബ്ബുകളുടെ രൂപീകരണം

വിവിധ ക്ലബ്ബുകളുടെ രൂപീകരണ യോഗം 11/07 / 2024 ഉച്ചയ്ക്ക് 01 : 30 നു വിവിധ ക്ലാസ്സുകളിൽ വച്ച് നടന്നു ക്ലബ്ബ് കൺവീനർമാർ ജൂലായ് ആഗസ്ത് മാസം ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഇത് പ്രകാരം സയൻസ് ക്ലബ്ബ് ചാന്ദ്രദിന പ്രവർത്തനങ്ങൾ, ലാബ് ഉപകരണങ്ങളെ പരിചയപ്പെടൽ, സ്കൂൾ പച്ചക്കറി തോട്ട നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ ജൂലായ് - ആഗസ്ത് മാസങ്ങളിലേക്ക് ആസൂത്രണം ചെയ്തു. സോഷ്യൽ ക്ലബ്ബ് ജനസംഖ്യ സർവ്വേ, സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്, യുദ്ധവിരുദ്ധ ദിനപ്രവർത്തനങ്ങൾ എന്നിവയും വിദ്യാരംഗം സാഹിത്യ ക്യാംപ് , ഇംഗ്ലീഷ് ക്ലബ്ബ് ന്യൂസ് റീഡിങ് ആക്ടിവിറ്റി ഹിന്ദി ക്ലബ്ബ് ജൂലായ് 31 പ്രേം ചന്ദ് ജയന്തി പ്രവർത്തനങ്ങളും യോഗത്തിൽ ചർച്ച ചെയ്തു.പരിസ്ഥിതി ക്ലബ്ബ് നേരത്തെ തന്നെ രൂപീകരിച്ചതിനാൽ തുടർപ്രവർത്തനങ്ങളെ കുറിച്ച് ക്ലബ് കൺവീനർ രാജേഷ് മാഷ് യോഗത്തിൽ സംസാരിച്ചു. ഓരോ ക്ലബ്ബിന്റെയും സെക്രട്ടറിയെയും ജോയിൻ സെക്രട്ടറിയെയും കുട്ടികളുടെ ഇടയിൽ നിന്ന് കണ്ടെത്തുകയും ക്ലബ്ബ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

## ചാന്ദ്രദിന പ്രവർത്തനങ്ങൾ




സ്കൂൾ സയൻസ് ക്ലബ്ബിൻറെ നേതൃത്വത്തിൽ ചാന്ദ്രദിന പരിപാടികൾ സംഘടിപ്പിച്ചു. ജൂലായ് 21 മുതൽ 27 വരെയായി ഒരാഴ്ച നീണ്ട പ്രവർത്തനങ്ങൾ കുട്ടികൾക്കായി സംഘടിപ്പിച്ചു. പ്രവർത്തനത്തിൻറെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ പോസ്റ്ററുകളും പതിപ്പുകളും ക്ലാസ്സ് മുറികളിൽ പ്രദർശിപ്പിച്ചു. രക്ഷിതാക്കൾ ഡിജിറ്റൽ പോസ്റ്ററുകൾ തയ്യാറാക്കി. “പറന്ന് പറന്ന് പറന്ന്” എന്ന പേരിൽ ബഹിരാകാശയാത്രയുടെ വിവിധ ഘട്ടങ്ങൾ സയൻസ് ക്ലബ്ബ് അംഗങ്ങൾ വിശദീകരിച്ചു. ചാന്ദ്രദിന ക്വിസ്സ് മത്സരത്തിൽ എൽ പി വിഭാഗത്തിൽ 3 ബി ക്ലാസ്സിലെ കൃഷ്ണനന്ദയും യു പി വിഭാഗത്തിൽ 7 ബി ക്ലാസ്സിലെ നിരഞ്ജനയും വിജയികളായി. സ്കൂൾ സയൻസ് ക്ലബ്ബ് കൺവീനർ അനിൽ ടീച്ചർ, പ്രജിത്ത് മാഷ് അംഗങ്ങൾ ആദിദേവ്, ആരുഷ്, അഭയതീർത്ഥ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

22/07/2024

## ഭക്ഷ്യമേള




ജീവൻ നിലനിർത്തുന്ന അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണല്ലോ ഭക്ഷണം. ആരോഗ്യം നിലനിർത്തുന്നതിൽ ഭക്ഷണത്തിന് സുപ്രധാനമായ പങ്കുണ്ട്. പോഷകസമൃദ്ധമായ ഭക്ഷണം കഴിക്കുന്നതിലൂടെ നമ്മുടെ ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്താൻ സാധിക്കുന്നു. എന്നാൽ അനാരോഗ്യകരമായ ഭക്ഷണ ശീലം പല ജീവിതശൈലി രോഗങ്ങൾക്കും കാരണമാകുന്നുണ്ട്. ഈ ആശയം കുട്ടികളിലേക്ക് പകർന്നു നൽകുന്ന പീലിയുടെ ഗ്രാമം എന്ന പാഠഭാഗത്തെ ആസ്പദമാക്കി 5A,5B, 5C എന്നീ ക്ലാസ്സിലെ കുരുന്നുകൾ , രക്ഷിതാക്കളുടെ സഹായത്തോടുകൂടി ഭക്ഷ്യമേള സംഘടിപ്പിച്ചു.


നാടൻ വിഭവങ്ങൾ പരിചയപ്പെടുക, പങ്കുവെക്കുക, കൃഷിയുടെ പ്രാധാന്യം എന്നീ പഠന ലക്ഷ്യങ്ങൾ മുൻനിർത്തി നടത്തിയ ഈ ഭക്ഷ്യമേളയ്ക്ക് സാമൂഹ്യശാസ്ത്ര അധ്യാപികമാരായ അനില, വിജിന, കൃഷ്ണപ്രിയ എന്നിവർ നേതൃത്വം നൽകുകയും പ്രഥമാധ്യാപകൻ അനൂപ് കല്ലത്ത്, സീനിയർ അസിസ്റ്റന്റ് രാജേഷ് കൂട്ടക്കനി,സ്റ്റാഫ് സെക്രട്ടറി ധനുഷ് എം എസ് എന്നിവർ പിന്തുണ നൽകുകയും ചെയ്തു.

ബാലസഭ


ഗവൺമെന്റ് യു പി സ്കൂൾ കൂട്ടക്കനി 2024- 25 വർഷത്തെ ബാലസഭ ഉദ്ഘാടനം 23- 7 -2024 ചൊവ്വാഴ്ച വൈകുന്നേരം 3 മണിക്ക് നടന്നു. നാലാം ക്ലാസ് വിദ്യാർത്ഥിനിയായ കൃഷ്ണനന്ദ ചടങ്ങിൽ സ്വാഗതം പറഞ്ഞു. ഹെഡ്മാസ്റ്റർ അനൂപ് കല്ലത്ത് അധ്യക്ഷത വഹിച്ചു. നാടൻപാട്ട് കലാകാരിയായ ശ്രീമതി കിഞ്ജുഷ സുകേഷ് ഉദ്ഘാടനകർമം നിർവഹിച്ചു. വ്യത്യസ്തമായ നാടൻപാട്ടുകൾ അവതരിപ്പിച്ച ശ്രീമതി കിഞ്ജുഷ കുട്ടികളോടൊപ്പം ആടിയും പാടിയും ഉദ്ഘാടനകർമം കൂടുതൽ മനോഹരമാക്കി. മൂന്നാം ക്ലാസ്സിലെ അക്കാദമിക മാസ്റ്റർപാനിലെ നാടൻ പാട്ടുകൾ പരിചയപ്പെടുത്തൽ എന്ന പ്രവർത്തനം ഫലപ്രദമായി കുട്ടികളിലെത്തിക്കുവാനും സാധിച്ചു.സീനിയർ അസിസ്റ്റന്റ് രാജേഷ് കൂട്ടക്കനി, സ്റ്റാഫ് സെക്രട്ടറി ധനുഷ്. എം എസ് എന്നിവർ ആശംസ അറിയിച്ചു.തുടർന്നു കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.രണ്ടാം ക്ലാസ്സിലെ ആദിനന്ദ നന്ദി അറിയിച്ചു. അനില ടീച്ചർ, ചിഞ്ചു ടീച്ചർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.



## വിജയസ്പർശം-പഠന പരിപോഷണ പരിപാടി












യു പി ക്ലാസ്സുകളിലെ എല്ലാ കുട്ടികളെയും മികച്ച രീതിയിൽ ഭാഷ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെയാണ് മലയാള ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി 'വിജയസ്പർശം' എന്ന പേരിൽ പഠനപരിപോഷണപരിപാടി ആരംഭിച്ചിരിക്കുന്നത്. ഭാഷാ പ്രവർത്തനങ്ങളിൽ പ്രയാസം നേരിടുന്ന കുട്ടികളെ പ്രീ ടെസ്റ്റ് നടത്തി കണ്ടെത്തിയ ശേഷം നേരത്തെ തയ്യാറാക്കിയ മൊഡ്യുൾ പ്രകാരം ആഗസ്ത് 5 തീയ്യതി മുതൽ എല്ലാദിവസവും വൈകീട്ട് 03:00 മണി ക്ക് ക്ലാസ്സ് ആരംഭിച്ചു. യു പി ക്ലാസ്സിലെ മുഴുവൻ അധ്യാപരും LEP ക്ലാസ്സ് കൈകാര്യം ചെയ്യുന്നു. ആഴ്ചതോറും നടക്കുന്ന എസ് ആർ ജി യിൽ ഈ കുട്ടികളുടെ പഠന നിലവാരവും പഠന പങ്കാളിത്തവും ചർച്ച ചെയത് ആവശ്യമായ പിന്തുണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## അവധിയിലും കുട്ടികൾക്കൊപ്പം ചേർന്ന് അധ്യാപകർ













അതിതീവ്ര മഴ കാരണം നാല് ദിവസമായി അവധി പ്രഖ്യാപിച്ചപ്പോൾ (Aug 1,2,..)പഠനത്തിന് അവധി നൽകാതെ കുട്ടികൾക്കൊപ്പം കൂട്ടു ചേർന്ന് കൂട്ടക്കനിയിലെ അധ്യാപകർ മാതൃകയായി. ഓരോ ക്ലാസ് ടീച്ചേഴ്സും അവരവരുടെ ക്ലാസിലെ കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സ് നടത്തി. കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതോടൊപ്പം വയനാടിനെ ചേർത്തുപിടിക്കാൻ ഞങ്ങളും കൂടി ചേരുമെന്ന് പ്രതിജ്ഞ ചെയ്തു.കോവിഡ് കാലത്തിനു ശേഷം നടക്കുന്ന ഓൺലൈൻ ക്ലാസുകൾ പ്രായോഗികമാകുമോ എന്ന സംശയം അസ്ഥാ നത്താക്കുന്നതായിരുന്നു കുട്ടികളുടെ ഹാജർ. മുഴുവൻ ക്ലാസിലും ഓൺലൈൻ കൂട്ടായ്മ നടത്തി.സാധ്യമായ ദിനങ്ങൾ ഒരുക്കി പഠനം ഉത്സവമാക്കിമാറ്റാൻ ഇതിലൂടെ സാധിച്ചു.

മുണ്ടക്കൈ ഒരു ഓർമ്മ



വയനാട്ടിലെ ദുരന്തത്തിന്റെ കാഴ്ചകൾ നമ്മുടെയൊക്കെ മനസ്സിനെ നിലവിളികളുടെ മഴവെള്ളപ്പാച്ചിലായി വന്നു തകർത്തു കളഞ്ഞു. സർവ്വതും നഷ്ടപ്പെട്ട നിരാലംബരായ ആ ജനതയെ കുറിച്ചും പ്രകൃതിദുരന്തങ്ങൾ കുട്ടികളെ എങ്ങനെ സ്വാധീനിക്കുന്നുണ്ട് എന്നത് മനസ്സിലാക്കുന്നതിനുമായി സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'മുണ്ടക്കൈ ഒരു ഓർമ്മ' എന്ന പേരിൽ സർഗ്ഗാത്മക രചന സംഘടിപ്പിച്ചു. അവധി ദിവസമായതു കൊണ്ട് തന്നെ അടുത്ത പ്രവർത്തി ദിവസം A4 ഷീറ്റിൽ ഭംഗി യായി ചെയ്തു കൊണ്ടുവരാനുള്ള അവസരവും നൽകി. പ്രഥമാധ്യാപകൻ ശ്രീ അനൂപ് കലത്തിൻറെയും സീനിയർ അസിസ്റ്റന്റ് രാജേഷ് കൂട്ടക്കനിയുടെയും മേൽനോട്ടത്തിൽ നടന്ന ഈ പ്രവർത്തനം വിജയകരമായിരുന്നു. വയനാട്ടിലെ ദുരന്തത്തിൽ നമ്മെ വിട്ടുപോയ പ്രിയപ്പെട്ടവർക്ക് ആദരാഞ്ജലിയായി കുട്ടികളുടെ സൃഷ്ടികൾ സമർപ്പിക്കുകയും ചെയ്തു.

## ഹിരോഷിമ ദിനം




കൂട്ടക്കനി ഗവണ്മെന്റ് യു പി സ്കൂളിൽ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഹിരോഷിമ-നാഗസാക്കി ദിനം ആചരിച്ചു. എൽ. പി തലത്തിൽ യുദ്ധവും സമാധാനവും എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ നിർമ്മാണം നടത്തി. 4 എ ക്ലാസ്സിലെ അമയ, മീനാക്ഷി എന്നീ കുട്ടികൾ യഥാക്രമം ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കി. യുപി തലത്തിൽ 'യുദ്ധം നഷ്ടപ്പെടുത്തുന്ന ബാല്യങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസ രചന നടത്തി. ഉപന്യാസ രചനയിൽ ഒന്നാം സ്ഥാനം ഏഴ് ബി ക്ലാസ്സിലെ പ്രാർത്ഥനയും രണ്ടാം സ്ഥാനം ഏഴ് എ ക്ലാസ്സിലെ സാൻവിയും മൂന്നാം സ്ഥാനം ഏഴ് ബി ക്ലാസ്സിലെ നിരഞ്ജനയും കരസ്ഥമാക്കി. ഹെഡ്മാസ്റ്റർ അനൂപ് കല്ലത്തിന്റെ നേതൃത്വത്തിൽ നടന്ന ഈ പരിപാടിയിൽ സീനിയർ അസിസ്റ്റന്റ് രാജേഷ് കൂട്ടക്കനി, സ്റ്റാഫ് സെക്രട്ടറി ധനുഷ് എം എസ്, അധ്യാപകരായ വിഷ്ണു മോഹൻ, അനില വി, സുമതി വി, രേഷ്മ ബാലകൃഷ്ണൻ, പ്രജിത്ത്, വിജിന. പി, എസ്. ആർ ജി കൺവീനർ ബിന്ദു ബി സി എന്നിവർ പിന്തുണയേകി.

## സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്



2024 25 വർഷത്തെ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് ഓഗസ്റ്റ് 7 നു നടന്നു. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് വിജ്ഞാപനം ജൂലൈ 22ന് പുറപ്പെടുവിച്ചു. ജൂലൈ 24 നാമനിർദ്ദേശ പത്രിക സീനിയർ അസിസ്റ്റന്റ് രാജേഷ് കൂട്ടാക്കനിക്ക് സ്ഥാനാർത്ഥികൾ സമർപ്പിച്ചു. ജൂലൈ 25 നു നാമനിർദ്ദേശ പത്രികയുടെ സൂക്ഷ്മ പരിശോധനയും തുടർന്ന് സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റും പ്രസിദ്ധീകരിച്ചു. ജൂലൈ 26, 27 തീയ്യതികളിൽ തെരഞ്ഞെടുപ്പ് പ്രചരണം നടന്നു. സ്ഥാനാർത്ഥികൾക്ക് ചിഹ്നം അനുവദിക്കുകയും വോട്ടിംഗ് മെഷീൻ ആപിൽ ക്ലാസ് ടീച്ചർ ക്രമീകരിക്കുകയും ചെയ്തു. ഓഗസ്റ്റ് ഏഴാം തീയതി ഉച്ചയ്ക്ക് 2.45 നു സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് എല്ലാ ക്ലാസ്സുകളിലും നടന്നു. ഇലക്ഷനു ശേഷം ഹെഡ്മാസ്റ്റർ അനൂപ് കല്ലത്തിന്റെയും സ്ഥാനാർത്ഥികളുടെയും എല്ലാ അധ്യാപകരുടെയും സാന്നിധ്യത്തിൽ ഫല പ്രഖ്യാപനം നടത്തി ക്ലാസ് ലീഡേഴ്സിനെ തെരഞ്ഞെടുത്തു.




ഓഗസ്റ്റ് എട്ടാം തീയതി സ്കൂൾ ലീഡർ ആയി 7 b ക്ലാസിലെ അനാമിക വിശ്വനാഥനെ എതിരില്ലാതെ തെരഞ്ഞെടുത്തു. തുടർന്ന് സ്കൂൾ ലീഡറും എല്ലാ ക്ലാസ് ലീഡേഴ്സും സത്യപ്രതിജ്ഞ വാചകം ചൊല്ലി ലീഡർ സ്ഥാനം ഏറ്റെടുത്തു. ഉച്ചയ്ക്ക് ഒന്നരയ്ക്ക് ആദ്യ സ്കൂൾ പാർലമെന്റ് നടന്നു.

## സ്വാതന്ത്ര്യത്തിന്റെനാൾവഴികൾ- ഓഗസ്റ്റ് 15 സ്വാതന്ത്ര്യദിനാഘോഷം

അക്കാദമിക തലങ്ങൾ ഉറപ്പാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇത്തവണത്തെ സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ ആസൂത്രണം ചെയ്തിരുന്നത്. കൃത്യം 9:30 ന് തന്നെ കുട്ടികൾ സ്കൂളിൽ എത്തുകയും സ്കൂൾ പ്രഥമ അധ്യാപകൻ അനൂപ് മാഷ് ദേശീയ പതാക ഉയർത്തുകയും ചെയ്തു. ചടങ്ങിൽ വാർഡ് മെമ്പർ സൂരജ് വി , സ്കൂൾ പിടിഎ പ്രസിഡണ്ട് സുധാകരൻ പള്ളിപ്പുഴ, വൈസ് പ്രസിഡണ്ട് പ്രദീപ് കാട്ടാമ്പള്ളി, SMC ചെയർമാൻ പ്രഭാകരൻ പള്ളിപ്പുഴ മദർ പി ടി എ പ്രസിഡണ്ട് ധന്യ തുടങ്ങിയവരുടെ സാന്നിധ്യം ഉണ്ടായിരുന്നു. സ്വാതന്ത്ര്യദിന പരിപാടികളുടെ ഉദ്ഘാടന ചടങ്ങിൽ കഴിഞ്ഞവർഷത്തെ എൽഎസ്എസ്/ യുഎസ്എസ് വിജയികളെ അനുമോദിച്ചു. തുടർന്ന് പ്രീ പ്രൈമറി കുട്ടികളുടെ വിവിധ കലാപരിപാടികൾ നടന്നു.




സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രധാനപ്പെട്ട സംഭവവികാസങ്ങൾ കാലഗണന പ്രകാരം ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസുകൾക്ക് നൽകുകയും വ്യത്യസ്തവും നൂതനമായ പഠനബോധന പ്രക്രിയയിലൂടെയും തങ്ങൾക്ക് കിട്ടിയ ചരിത്ര സംഭവങ്ങളെ അവർ അവരുടെ ക്ലാസ് മുറികളിൽ അവതരിപ്പിച്ചു.

സ്വാതന്ത്ര്യത്തിന്റെ നാൾവഴികൾ

- ഒന്നാം ക്ലാസ് -വരക്കാഴ്ചകൾ (സ്വാതന്ത്ര്യദിന ചിത്രങ്ങൾ)
- രണ്ടാം ക്ലാസ് -മീററ്റ് പുകയുന്നു ( 1857 ഒന്നാം സ്വാതന്ത്ര്യ സമരം)
- മൂന്നാം ക്ലാസ് -ജാലിയൻവാലാബാഗ്
- നാലാം ക്ലാസ് -വിരോചിതം കേരളം (സ്വാതന്ത്ര്യസമരവും കേരളം)
- അഞ്ചാം ക്ലാസ് - സ്വാതന്ത്ര്യസമര തീ ചൂളയിൽ ( ഉപ്പ് സത്യാഗ്രഹം നിസ്സഹകരണ സമരം )
- ആറാം ക്ലാസ് - Ready To Quit ( 1942 ക്വിറ്റിന്ത്യാ സമരം )

- ഏഴാം ക്ലാസ് -സ്വതന്ത്ര ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ

ടാബ്ലോ തയ്യാറാക്കിയും പവർ പോയിന്റ് പ്രസന്റേഷനുകളിലൂടെയും പാനൽ ചർച്ചകളിലൂടെയും വീഡിയോ /ഓഡിയോ അവതരിപ്പിച്ചും അനേകം ചാർട്ടുകളിലൂടെയും അവർ അവർക്ക് കിട്ടിയ സ്വാതന്ത്ര്യ സമര സംഭവങ്ങൾ അവതരിപ്പിച്ചു.. രക്ഷിതാക്കളും നാട്ടുകാരും സ്കൂളിൻറെ മുമ്പിൽ പ്രദർശിപ്പിച്ച റൂട്ട് മാപ്പ് നോക്കി കാലഗണന പ്രകാരം ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിൽ കയറി കുട്ടികളുടെ അവതരണങ്ങൾ കൗതുകത്തോടെ വീക്ഷിച്ചു. പിടിഎയുടെ സ്കൂൾ ഗ്രൂപ്പിൽ സ്വാതന്ത്ര്യദിന പരിപാടികളെ കുറിച്ച് മികച്ച അഭിപ്രായം ഉയർന്നിരുന്നു.

കുട്ടി കർഷകൻ



ആഗസ്റ്റ് 17 ചിങ്ങം ഒന്ന് കർഷകദിനത്തിൽ കാർഷിക വികസന ക്ഷേമ വകുപ്പ് പള്ളിക്കര ഗ്രാമപഞ്ചായത്തും കൃഷിഭവനും ചേർന്ന് കൂട്ടക്കനി ഗവൺമെന്റ് യുപി സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥി ഇഷാനെ മികച്ച കുട്ടി കർഷകനായി തെരഞ്ഞെടുത്തു. പനയാൽ സർവീസ് സഹകരണ ബാങ്കിൽ വെച്ചു നടന്ന പരിപാടിയിൽ കുട്ടികർഷകനുള്ള അവാർഡ് ഉദുമ നിയോജകമണ്ഡലം എം.എൽ.എ.ശ്രീ സി. എച്ച് കുഞ്ഞമ്പു നൽകി ആദരിച്ചു.

## ഒളിമ്പിക്സ് മെഗാ ക്വിസ്സ്




ഒളിമ്പിക്സ് കായികമേളയോടനുബന്ധിച്ച് കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനായി ഒളിമ്പിക്സ് ദിനങ്ങളിൽ പ്രതിദിന ക്വിസ്സ് മത്സരം സംഘടിപ്പിച്ചു. പത്രവാർത്തയെ അടിസ്ഥാനപ്പെടുത്തി ദിവസേന കുട്ടികൾ 5 ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കണ്ടെത്തി ഒളിമ്പിക്സ് ബോക്സിൽ നിക്ഷേപിച്ചു. ദിവസേനയുള്ള വിജയികളെയും ക്ലാസ് തല മത്സരത്തിലെ വിജയികളെയും ഉൾപ്പെടുത്തി ആഗസ്ത് 23 നു ക്വിസ് മാസ്റ്റർ പ്രഭേഷ് കുമാറിന്റെ നേതൃത്വത്തിൽ ഒളിമ്പിക്സ് മെഗാ ക്വിസ് മത്സരവും സംഘടിപ്പിച്ചു.

## എന്റെ തത്തമ്മ പദ്ധതി

കൂട്ടക്കനിയിൽ എന്റെ തത്തമ്മ പദ്ധതി തുടങ്ങി. പള്ളിക്കര സർവീസ് സഹകരണ ബാങ്ക് സ്പോൺസർ ചെയ്ത തത്തമ്മ കുട്ടികൾക്ക് നൽകി ബാങ്ക് പ്രസിഡണ്ട് കെ രവിവർമ്മ ഉദ്ഘാടനം ചെയ്തു.പിടിഎ പ്രസിഡണ്ട് സുധാകരൻ പള്ളിപ്പുഴ അധ്യക്ഷനായി. ബാങ്ക് വൈസ് പ്രസിഡണ്ട് എം. അസീന, സെക്രട്ടറി പുഷ്കരാക്ഷൻ, ടി സുധാകരൻ, ദാമോദരൻ കെ രാജേന്ദ്രൻ, കുമാരൻ പ്രധാനധ്യാപകൻ അനൂപ് കല്ലത്ത്,സീനിയർ അസിസ്റ്റന്റ് രാജേഷ് കൂട്ടക്കനി എന്നിവർ സംസാരിച്ചു. സ്കൂൾ ലീഡർ അനാമിക വിശ്വനാഥ് നന്ദി പറഞ്ഞു.



ഞങ്ങടെ പച്ചക്കറിത്തോട്ടം

ജൈവ പച്ചക്കറി നല്ല ആരോഗ്യത്തിന് എന്ന സന്ദേശം ഉണർത്തിച്ചു കൊണ്ട് ഇക്കോക്ലബ്ബിന്റെ നേതൃത്വത്തിൽ ഗ്രീൻ പോലീസ് പ്രവർത്തകർ പച്ചക്കറി വിത്തുകൾ നട്ടു. ഇക്കോ ക്ലബ്ബിന്റെ മാതൃകാപരമായ ഈ പ്രവർത്തനം കുട്ടികളിൽ ജൈവകൃഷി ചെയ്യാനുള്ള പ്രചോദനം ഉണ്ടാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ളതായിരുന്നു. പച്ചക്കറിത്തോട്ടം നിർമ്മാണത്തിന്റെ മുന്നോടിയായി ഗ്രീൻ പോലീസ് കുട്ടികൾ പരിസരം ശുചീകരിച്ചു. പ്രവർത്തനങ്ങൾക്ക് ഇക്കോ ക്ലബ്ബ് കൺവീനർ രാജേഷ് മാഷ് നേതൃത്വം നൽകി.

വയനാടിനൊപ്പം




സ്കൂൾ സോഷ്യൽ സർവീസ് സ്കീംമിന്റെ നേതൃത്വത്തിൽ വയനാടിന് കൈത്താങ്ങായി കൂട്ടക്കനി സ്കൂൾ.. അധ്യാപകരും കുട്ടികളും ചേർന്ന് 25000 രൂപ പുതുമ എംഎൽഎ ശ്രീ സി എച്ച് കുഞ്ഞമ്പുവിന് കൈമാറി. 27/08/2024 ചൊവ്വാഴ്ച ഉച്ചയ്ക്ക് രണ്ടുമണിക്ക് നടന്ന ഈ ചടങ്ങിൽ വാർഡ് മെമ്പർ സൂരജി വി അധ്യക്ഷ സ്ഥാനം അലങ്കരിച്ചു. ചടങ്ങിന്റെ ഔപചാരിക ഉദ്ഘാടനം ഉദുമ എംഎൽഎ ശ്രീ സി എച്ച് കുഞ്ഞമ്പു നിർവഹിക്കുകയും ചെയ്തു.

## സ്കൂൾ പ്രവൃത്തി പരിചയ മേള




സ്കൂൾതലത്തിൽ സാമാന്യ വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിശീലനവും എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സ്കൂൾ പ്രവൃത്തിപരിചയ മേള. തൊഴിൽ ചെയ്യുന്നവരോട് ആദരവും ബഹുമാനവും വളർത്തുന്നതിനൊപ്പം വിദ്യാർത്ഥികളുടെ കായിക ബൗദ്ധിക വൈകാരിക വളർച്ചയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ജി യു പി എസ് കൂട്ടക്കനിയിൽ സ്കൂൾതല പ്രവൃത്തിപരിചയ മേള സംഘടിപ്പിച്ചു. 2024 ഓഗസ്റ്റ് 31 ശനിയാഴ്ച സംഘടിപ്പിച്ചപ്രവൃത്തി പരിചയ മേളയ്ക്ക് കൺവീനർ ധനുഷ് എം എസ്, അനീഷ, കൃഷ്ണപ്രിയ എന്നിവർ നേതൃത്വം നൽകി.